# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.38

### 27-09-2016 ലെ മറുപടിക്ക്

# കിഫ്ബി

| ചോദ്യം<br>ശ്രീ. ബി. സത്യൻ<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. കെ. ആൻസലൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
|---|---|
| (എ) കിഫ്ബി മുഖേന നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | ചുരുങ്ങിയത് 100 കോടി രൂപയ്ക്കുമേൽ ചെലവു വരുന്ന വിവിധ മേഖലയിലുള്ള അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബിയുടെ സാമ്പത്തിക സഹായം വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള 2-ാം മാന്ദ്യ വിരുദ്ധ പാക്കേജ് പ്രകാരമുള്ള പ്രത്യേക നിക്ഷേപ പദ്ധതിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകൾ കിഫ്ബി വഴി നടപ്പിലാക്കാൻ ഏകദേശം 6500 കോടി രൂപയുടെ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. വിശദമായ പ്രോജക്റ്റ് പഠനം നടത്തിയ ശേഷം |

| | |
|---|---|
| | ഇവയിൽ നിന്നും യോഗ്യമായ പദ്ധതികളെ കിഫ് ബോർഡ് ശുപാർശ ചെയ്യുന്ന മുറയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതാണ്. ഇതിനു പുറമെ ഗവൺമെന്റ് അംഗീകാരത്തോടെ ലഭിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി പരിഗണിക്കുന്നതാണ്. |
| **(ബി)** നടപ്പ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുള്ളതും എന്നാൽ നിലവിൽ ഭരണാനുമതി ലഭിക്കാത്തതുമായ പൊതുമരാമത്ത് പ്രവൃത്തികളെ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ രണ്ടാം മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളെയാണ് കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്. പ്രസ്തുത പദ്ധതികൾ വകുപ്പുകളുമായി കൂടിയാലോചിച്ച് ശുപാർശകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനു പുറമേ നടപ്പ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുള്ള പദ്ധതികളെ നിലവിൽ കിഫ്ബിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഇവയിൽ നിന്നും കിഫ്ബി വഴി നടപ്പിലാക്കാൻ ബന്ധപ്പെട്ട വകുപ്പുകൾ ശിപാർശ ചെയ്യുന്ന പദ്ധതികൾ ബോർഡിന്റെ അംഗീകാരത്തിനു വിധേയമായി പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**